# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5868 19.11.2019- ൽ മറുപടിക്ക്

## വ്യവസായ വകുപ്പ് നടത്തിയ മേളകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വ്യവസായ വകുപ്പിന് കീഴിൽ നടത്തി വരുന്ന/നടത്താൻ ഉദ്ദേശിക്കുന്ന മേളകൾ/വിപണന മേളകൾ തുടങ്ങിയവയെക്കുറിച്ച് വിശദാംശങ്ങൾ നൽകാമോ, | എ) | വ്യവസായ വകുപ്പ് നടത്തി വരുന്ന / നടത്താൻ ഉദ്ദേശിക്കുന്ന മേളകൾ / വിപണന മേളകൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**1. വ്യവസായ പ്രദർശനം**<br><br>കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും നേരിട്ട് വിപണനം നടത്തുന്നതിനും അവ പൊതു സമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി എല്ലാ ജില്ലകളിലും വ്യവസായ പ്രദർശനങ്ങൾ നടത്തി വരുന്നു. 2019-20 വർഷത്തിൽ ജില്ലാതലങ്ങളിൽ വ്യവസായ പ്രദർശനങ്ങൾ നടത്തുന്നതിനായി 63 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>**2. മലബാർ ക്രാഫ്റ്റ്സ് മേള**<br><br>കേരളത്തിലെ പരമ്പരാഗത മേഖലയിൽ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്ന കരകൗശല വിദഗ്ധരുടെ സംഗമത്തിനും, പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുവേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിക്കുന്നതിനായി 150 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.<br><br>**3. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (IITF)**<br><br>ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ച് എല്ലാ വർഷവും നവംബർ 14 മുതൽ 27 വരെ നടത്തി വരാറുള്ള ഇന്ത്യ |

അന്താരാഷ്ട്ര വ്യാപാരമേളയിൽ ഈ വർഷവും വ്യവസായ വകുപ്പ് പങ്കെടുക്കുന്നു. മേളയുടെ വിഷയത്തെ അടിസ്ഥാനമാക്കി കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള ചെറുകിട വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തുന്നതിനും ഈ മേള സഹായിക്കുന്നു.

**4. കേരള അഗ്രോ ഫുഡ് പ്രോ**

കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 'കേരള അഗ്രോ ഫുഡ് പ്രോ' എന്ന പേരിൽ ഒരു മേള സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ കാർഷിക വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ പ്രദർശനവും, വില്പനയും നടത്തുക എന്നതും അവർക്കാവശ്യമായ നൂതന യന്ത്ര സാമഗ്രികൾ പരിചയപ്പെടുക എന്നതും മേളയുടെ ലക്ഷ്യമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ അഗ്രോ ഫുഡ് പ്രോ നടത്തുന്നതിനായി 65 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് ഉപയോഗിച്ച് 2019 ഡിസംബർ മാസത്തിൽ എറണാകുളത്ത് വച്ച് മേള സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**5. ദേശീയ അന്തർദേശീയ പരിപാടികളിൽ പങ്കെടുക്കൽ**

ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിന്റെ വ്യവസായ അനുകൂല സാഹചര്യങ്ങൾ പ്രചരിപ്പിക്കുന്നതിനും കേരളത്തിലെ വ്യവസായ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി രാജ്യത്തിനകത്തും പുറത്തും നടക്കുന്ന മേളകളിൽ പങ്കെടുത്തു വരുന്നു. 2019-20 സാമ്പത്തിക വർഷങ്ങളിൽ ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനായി 100 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

**6. മെഷിനറി എക്സ്പോ**

സംസ്ഥാനത്തെ നിലവിലെ വ്യവസായ സംരംഭങ്ങൾക്ക് ഉല്പാദന ക്ഷമതയും മേന്മയും വർദ്ധിപ്പിക്കുവാനും ആധുനിക സാങ്കേതിക വിദ്യ സ്വായത്തമാക്കുവാനും പുതുതായി വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്ക് സാങ്കേതിക വിദ്യയും യന്ത്ര സാമഗ്രികളും പരിചയപ്പെടുത്തുവാനുമായും 'മെഷിനറി എക്സ്പോ' നടത്തി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള 65 ലക്ഷം രൂപ ഉപയോഗിച്ച് 2020 ഫെബ്രുവരി മാസത്തിൽ തൃശ്ശൂരിൽ വച്ച് മെഷിനറി എക്സ്പോ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | 7. **ശബരിമല തീർത്ഥാടന കാലവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന വിപണന മേളകൾ**<br><br>ശബരിമല മണ്ഡല മകര വിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് പ്രധാന സ്ഥലങ്ങളിൽ വ്യവസായ ഉല്പന്നങ്ങളുടെ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. കേരളത്തിലെ സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും കൈത്തറി കരകൗശല ഖാദി ഉല്പന്നങ്ങളുടേയും വിപണനമാണ് മേളകൊണ്ട് ലക്ഷ്യമാക്കുന്നത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ നടത്തിയ മേളകൾ/വിപണന മേളകൾ എന്നിവയെക്കുറിച്ച് വിശദമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ കൈത്തറി മേഖലയിൽ ഒരു കൈത്തറി വസ്ത്ര പ്രദർശന വിപണന മേള നടത്തിയിട്ടുണ്ട്. കൂടാതെ എം.എസ്.എം.ഇ മേഖലയിൽ എല്ലാ വർഷവും വ്യവസായ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്. |
| സി) | നടപ്പ സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ? | സി) | നടപ്പ സാമ്പത്തിക വർഷം ജില്ലയിൽ വകുപ്പിനു കീഴിൽ വ്യവസായ പ്രദർശന മേളകൾക്ക് പുറമെ സംരംഭകത്വ സഹായ പദ്ധതി/ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി/ പലിശയിളവ് സബ്സിഡി പദ്ധതി/ 2018-ലെ പ്രളയത്തിൽ തകർന്ന സംരംഭകർക്കുള്ള പലിശയിളവ് സബ്സിഡി/ പ്രളയത്തിൽ തകർന്ന സ്ഥാപനങ്ങൾക്കുള്ള പുനർനിർമ്മാണ പദ്ധതി/ സ്കിൽ ഡവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘ രൂപീകരണ പദ്ധതി/ പി.എം.ഇ.ജി.പി സംരംഭകത്വ ക്ലബ്ബുകളുടെ രൂപീകരണ-സാമ്പത്തിക സഹായം/ ക്ലസ്റ്റർ രൂപീകരണ പദ്ധതി/ കൈത്തറി യൂണിഫോം പദ്ധതി/ ബ്ലോക്ക്, താലൂക്ക് തല ബോധവൽക്കരണ പരിപാടികൾ/ ശില്പശാലകൾ/ സാങ്കേതിക ശില്പശാല/ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയെല്ലാം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ